# മാർ തിമോഥിയൂസ് എൽ.പി.സ്കൂൾ

## ചേലക്കോട്ടുകര



# അക്കാദമിക മാസ്റ്റർ പ്ലാൻ

## ' മികവിന്റെ പാത '

# ആമുഖം

അക്കാദമിക
മികവിലൂടെ
വിദ്യാലയ മികവ്

സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫല പ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി ഞങ്ങളുടെ വിദ്യാലയത്തിലും ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകി. അക്കാദമിക മികവാണു ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം അർഹിക്കുന്നത്. വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കികൊണ്ടുള്ള കർമ്മ പരിപാടികൾ വിഭാവനം ചെയ്യുന്നു. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടി ഇവിടെ വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും അവസര തുല്യത, പങ്കാളിത്തം, ഗുണനിലവാരം, മാനവികത എന്നിവക്ക് കൂടുതൽ ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി സുസ്ഥിരവും സുശക്തവും പുരോഗമനോന്മുഖവുമായ വിദ്യാഭ്യാസ സംവിധാനങ്ങൾ ഇവിടെ തുടക്കമിടുന്നു.

**സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ.**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• പഠനയാത്ര<br>• കലായകായിക മേള<br>• ഐ.ടി. പരിശീലനം<br>• അധ്യാപക ശാക്തീകരണം<br>• ക്ലാസ്സ് പി.ടി.എ.<br>• എസ്.ആർ.ജി. ശാക്തീകരണം.<br>• പോഷകാഹാര പരിപാടി<br>• ദിനാചരണം<br>• ടേം മൂല്യനിർണ്ണയം. നിരന്തര വിലയിരുത്തൽ | • ചുറ്റുമതിൽ, ഗേറ്റ്<br>• കളിസ്ഥലം<br>• ക്ലാസ്സ് മുറി<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>• കമ്പ്യൂട്ടർ മുറി<br>• ലൈബ്രറി<br>• അടുക്കള<br>• കുടിവെള്ള വിതരണം<br>• ടോയ്‌ലറ്റ് | • പി.ടി.എ.<br>• എസ്.എം.സി.<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടന<br>• എസ്.എസ്.ജി. |

മേഖല : അക്കാദമികം ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരങ്ങൾ ഉറപ്പിക്കുന്നു | ○ പാട്ടുകളിലൂടെയും കഥകളിലൂടെയും അക്ഷരങ്ങളെ പരിചയപ്പെടുത്തുന്നു.<br>○ മുത്തുകൾ, മഞ്ചാടിക്കുരു മുതലായവ ഉപയോഗിച്ച് അക്ഷരങ്ങൾക്ക് രൂപം നൽകുന്നു. (അക്ഷര മാതൃക നിർമ്മാണം)<br>○ നൂലുകൾ, ഈർക്കിളി ഉപയോഗിച്ച് അക്ഷരങ്ങൾ നിർമ്മിക്കുന്നു.<br>○ അക്ഷരങ്ങളുടെ വെട്ടിയെടുത്ത ഭാഗങ്ങൾ യോജിപ്പിക്കുന്നു.<br>○ മണലിലെഴുത്ത്<br>○ അക്ഷരമാതൃകകൾ ചേർത്ത് പദങ്ങൾ ഉണ്ടാക്കുന്നു.<br>○ കളി (അന്താക്ഷരീ.... തല.... ലീല.....<br>○ മാസികകളിൽ, പത്രങ്ങളിൽ ഈ അക്ഷരങ്ങൾക്ക് അടിയിൽ വരയ്ക്കുക. | 3 മാസം |
| സ്വരചിഹ്നം ഉറപ്പിക്കൽ | ○ ആഭരണം അണിയിക്കാം<br>○ പോക്കറ്റിലിടാം<br>○ കൂട്ടുകാരെ കണ്ടെത്തൽ | 3 മാസം |
| കൂട്ടക്ഷരം ഉറപ്പിക്കൽ | ○ ശരിയോ തെറ്റോ<br>○ പാട്ടുകളിലൂടെ അക്ഷരം ഉറപ്പിക്കൽ<br>○ കൂട്ടമാക്കാമോ ? | |
| വായന ഉറപ്പിക്കൽ | ○ പദവായന<br>○ പദസൂര്യൻ (വാക്യ നിർമ്മാണം)<br>○ വായനാ കാർഡ് വായിപ്പിക്കൽ<br>○ മൈന്റ് മാപ്പിങ്ങ്<br>○ നല്ല വായന | 3 മാസം |

| | | |
|---|---|---|
| വാക്യ നിർമ്മിതി<br>സ്വതന്ത്ര വായനാ പ്രവർത്തനങ്ങൾ | ○ പദകാർഡ് നൽകാം<br>○ ആശയ ഭൂപടം<br>○ ചന്തത്തിൽ അണിചേരാം<br>○ കഥാ ചാർട്ട് നോക്കി കഥ പൂർത്തിയാക്കാം<br>○ വായനാക്കുറിപ്പെഴുതാം<br>○ ആസ്വാദന കുറിപ്പെഴുതുക. | 1 മാസം<br>Std III & IV Teachers |
| സ്വതന്ത്ര്യ വായന സ്വതന്ത്ര എഴുത്ത് (രചന) | ○ ഭാഷയിൽ വൈദഗ്ദ്യം<br>○ നേടിയവരുടെ ക്ലാസ്സ് നൽകുന്നു.<br>○ വിഷയം നൽകി (കഥ, കത്ത്, കവിത) സ്വതന്ത്ര്യമായി സാഹിത്യ സൃഷ്ടി നിർമ്മാണം | ദീർഘകാലം |

മേഖല അക്കാദമികം ഉപമേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സംഖ്യകളെ തിരിച്ചറിയാനും വായിക്കാനും എഴുതാനും എണ്ണിയെടുക്കാനും ഇതിലൂടെ സംഖ്യാബോധം എന്ന ശേഷി നേടൽ | പഠന നില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി കുട്ടികൾക്ക് എത്രത്തോളം സംഖ്യാബോധം ഉണ്ടെന്ന് കണ്ടെത്തുന്നു. | പ്രീടെസ്റ്റ് | ക്ലാസ്സ് ടീച്ചർ | - |
| | പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തന പക്കേജ് തയ്യാറാക്കൽ | സെപ്തംബർ 15 ന് മുമ്പ് | പ്രഥമാധ്യാപിക, ഗണിതാധ്യാപിക എസ്.ആർ.ജി. | - |
| | മഞ്ചാടി, കല്ല്, സ്ട്രോ, ഈർക്കിൾ എന്നിവ ഉപയോഗിച്ച് സംഖ്യ എണ്ണിയെടുക്കൽ | ആഴ്ചയിൽ 4 തവണ | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി. | ഒരു കുട്ടിക്ക് 10 രൂപ |
| | സംഖ്യാബോധം നേടാൻ ഉതകുന്ന ഗണിതപ്പാട്ട് അവതരിപ്പിക്കൽ | ആഴ്ചയിൽ 1 തവണ | എസ്.ആർ.ജി. ക്ലാസ്സ് ടീച്ചർ | - |
| | നമുക്ക് കൂട്ടങ്ങളാകാം എന്ന ഗണിതകളിയിലൂടെ കുട്ടികൾ സ്വയം ടീച്ചർ പറയുന്ന സംഖ്യയ്ക്ക് അനുസരിച്ച് കൂട്ടങ്ങളാകുന്നു. | ആഴ്ചയിൽ 2 തവണ | ക്ലാസ്സ് ടീച്ചർ | - |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ രണ്ടക്ക സംഖ്യകളുടെ സ്ഥാനവില തിരിച്ചറിയുന്നതിനും ചതുഷ്ക്രിയകളിൽ സങ്കലന വ്യവകലനം ഉറപ്പിക്കുന്നതിനും | പഠന നില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി ഒന്നാം ക്ലാസ്സിൽ അവർ നേടിയ ശേഷികൾ എത്രത്തോളം ഉണ്ടെന്ന് കണ്ടെത്തുന്നു. | ആഗസ്റ്റ് 30 നു മുമ്പ് | ക്ലാസ്സ് ടീച്ചർ | - |
| | പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | സെപ്തംബർ 15 ന് മുമ്പ് | പ്രഥമാധ്യാപിക, ക്ലാസ്സ് ടീച്ചർ | - |
| | ഈർക്കിൽകെട്ട്, സ്ട്രോകെട്ട്, മഞ്ചാടി, എന്നിവ ഉപയോഗിച്ച് 10 ന്റെ കൂട്ടങ്ങളായും ഒന്നിന്റെ കൂട്ടങ്ങളായും ചെയ്യണം. | സെപ്തംബർ 15 ന് മുമ്പ് | എസ്.ആർ.ജി. ക്ലാസ്സ് ടീച്ചർ | 25 രൂപ |
| | വസ്തു സംയുക്തമായി കുട്ടികളെ സങ്കലനം പരിചയപ്പെടുത്തുന്നു. | നവംബർ ഡിസംബർ | ക്ലാസ്സ് ടീച്ചർ | - |
| | ICT മേഖല | ആഴ്ചയിൽ 2 തവണ | ക്ലാസ്സ് ടീച്ചർ | - |
| | വസ്തുസംയുക്തമായി കുട്ടികളെ വ്യവകലനക്രിയ പരിചയപ്പെടുത്തുന്നു. | ജനുവരി ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | |
| | സ്ഥാനവിലയനുസരിച്ച് സങ്കലനവും വ്യവകലനവും സ്വന്തമായി കുട്ടികൾ ചെയ്യുന്നു. | മാർച്ച് | ക്ലാസ്സ് ടീച്ചർ | |

| Aim | Objectives | Activities | In charge | Financial details |
|---|---|---|---|---|
| To read, write, simple English | ▪ Pronunciation of letters (Alphabets, vowels, consonants)<br>▪ To write letters | June, July ICT – CD for listening (Audio) copy writing | Class Teachers | 100 |
| | ▪ To read simple words<br>▪ To write simple words<br>▪ Split the word<br>▪ Jaming words<br>Word- chain, Word-Sun<br>Soon Sentence soon<br>▪ Match the following | August September | Class Teacher | 200 |
| | ▪ To read simple sentences<br>▪ To write simple sentences | | Class Teacher | 200 |
| | ▪ To read simple pictures cards and stories<br>▪ To write simple pictures cards and stories<br>▪ Using ICT | December, January | Class Teacher | 500 |
| | ▪ To read conversations, notice and thoughts<br>▪ To write conversations, notice and thoughts | February, March | Class Teacher | |
| | ▪ Conducting English assembly | Once in a week | Teachers of Std 3 & 7 | |
| | ▪ Daily diary in English | Twice in a week | Teachers | |
| | ▪ Conducting competitions ( read write ) | Before February $15^{th}$ | Teachers | 1000 |

മേഖല - അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | |
|---|---|---|---|
| നിരീക്ഷണം<br>പരീക്ഷണം<br>പഠന യാത്ര<br>ടാലന്റ് ലാബ്<br>ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തൽ<br>( ICT പുസ്തകങ്ങൾ, വിദഗ്ധരുടെ ക്ലാസ്സുകൾ) | ചിമ്മിനിഡാം<br>മുളങ്കാട്, പോസ്റ്റ് ഓഫീസ് സന്ദർശനം,<br>ഔഷധി, പ്ലാസ്റ്റിക് നിർമ്മാർജ്ജനം<br>ഖാദി യൂണിറ്റി സന്ദർശനം<br>നൂൽക്കമ്പനി<br>ഓട്ടുകമ്പനി സന്ദർശനം | ക്ലാസ്സ് അധ്യാപകർ | Per Head 100 /-<br>3000/-<br>2000/- |

മേഖല അക്കാദമികം

ഉപമേഖല : ആരോഗ്യ കലാ കായിക പരിശീലനം

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കലാപഠനം (നൃത്തം, ചിത്രം വര) | ചൊവ്വ, വെള്ളി ദിവസങ്ങളിൽ 12.30 – 3.00 മണിവരെ പ്രത്യേക പരിശീലനം | ജൂലൈ ഫെബ്രുവരി | കലാ കമ്മിറ്റി | Per head 1000/- |
| കായിക പരിശീലനം | എല്ലാ ക്ലാസ്സുകാർക്കും ആഴ്ചയിൽ ഒരു പിരിഡ് വീതം കായിക പരിശീലനം നൽകുന്നു. 4 മണിക്കുശേഷം താല്പര്യമുള്ളവർക്ക് ഗെയിം പരിശീലനം.<br>കായികമേളയ്ക്ക് തിരഞ്ഞെടുത്ത കുട്ടികൾക്ക് അധ്യാപകർ 9 – 10 ¼ വരെ കാലത്ത് പരിശീലനം നൽകുന്നു. | വർഷം മുഴുവൻ<br>ദീർഘകാലം ജനുവരി മുതൽ ഡിസംബർ<br>4 മാസം | ക്ലാസ്സ് അദ്ധ്യാപകൻ<br>സ്പോർട്സിൽ വൈദഗ്ദ്യം നേടിയവർ<br>സ്പോർട് കമ്മിറ്റി | |
| ഗാന പരിശീലനം | കലോത്സവം, വിവിധ ഗാന മത്സരങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു.<br>ആഴ്ചയിൽ ഒരു തവണ ഓരോ ക്ലാസ്സിനും സംഗീത പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുവെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് മൂലം നടത്താനാകുന്നില്ല. | ഹ്രസ്വകാലം | Gifted teachers among classteachers | Per head 1000/- |

# ഉച്ചഭക്ഷണ പരിപാടി

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി വിദ്യാഭ്യാസ അവകാശ നിയമം രാജ്യത്ത് നടപ്പിലാക്കി വരികയാണ് ഒരു വ്യക്തിയുടെ പ്രാഥമിക ആവശ്യങ്ങളാണ് ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ. പോഷക സമൃദ്ധമായ ആഹാരമുണ്ടെങ്കിലെ ആരോഗ്യം വർദ്ധിക്കു. ആരോഗ്യമുള്ള ശരീരമുണ്ടായാൽ മാത്രമാണ് കുട്ടികൾക്ക് പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയൂക. വിദ്യാലയം അതിനുള്ള ഇടമായി മാറികൊണ്ടിരിക്കുകയാണ്. വിഭവ സമൃദ്ധമായ ഉച്ചഭക്ഷണത്തിന് പുറമെ പാൽ, മുട്ട മുതലായവ കുട്ടികൾക്ക് ലഭ്യമാക്കാനുള്ളതാണ് ഉച്ചഭക്ഷണ പരിപാടി. കുറ്റമറ്റ രീതിയിൽ ഇത് നടപ്പിലാക്കാൻ സാമൂഹ്യ പങ്കാളിത്തത്തോടെ വിപുലമായ ഒരുക്കങ്ങൾക്കാണ് ഈ വർഷം നേതൃത്വം നൽകുന്നത്.

## ഉദ്ദേശ്യങ്ങൾ

- ഉച്ചഭക്ഷണത്തിനർഹരായ മുഴുവൻ കുട്ടികളെയും കണ്ടെത്തുക.
- വൃത്തിയുള്ള അന്തരീക്ഷത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യൽ.
- പോഷക സമൃദ്ധമായ ആഹാരം ഉറപ്പു വരുത്തൽ
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തൽ
- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.